## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2225** 08.12.2015-ൽ മറുപടിയ്ക്ക്

## കോട്ടയം ജില്ലയിലെ വൈദ്യുതിരംഗം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ എത്ര സബ് സ്റ്റേഷനുകൾ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളും (RAPDRP, DDUGJY, IPDS തുടങ്ങിയവ), സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) എന്നിവയും പദ്ധതി, മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവയും കൂടാതെ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയുമാണ് വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.<br>കോട്ടയം ജില്ലയിൽ വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിന് കോടിമത, കല്ലറ, മണിമല, കൂട്ടിക്കൽ, പുതുപ്പള്ളി, എരുമേലി എന്നിവിടങ്ങളിൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. പാമ്പാടി, കാഞ്ഞിരപ്പള്ളി 66 കെ.വി സബ്സ്റ്റേഷനുകൾ 110 കെ.വി ആയി ഉയർത്താനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിലെ വൈദ്യുതി മേഖല നവീകരിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ; | (ബി) | RAPDRP, IPDS, RGGVY, DDUGJY എന്നിവയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ. |
| (സി) | പ്രസ്തുത ജില്ലയിലെ വൈദ്യുതി മേഖല മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ ? | (സി) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച പദ്ധതികൾ**<br>മണിമല, കൂട്ടിക്കൽ, കല്ലറ എന്നിവിടങ്ങളിൽ 33 കെ.വി സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കു ന്നതിനുള്ള പദ്ധതി.<br>നിലവിലുള്ള പാമ്പാടി, കാഞ്ഞിരപ്പള്ളി 66 കെ.വി സബ്സ്റ്റേഷനുകളെ 110 കെ.വി ആയി ഉയർത്തി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി<br>നിലവിലുള്ള 66 കെ.വി പാലാ-ഏറ്റുമാനൂർ |

ലൈനിനെ 110 കെ.വി ആയി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

നിലവിലുള്ള പാമ്പാടി, കാഞ്ഞിരപ്പള്ളി 66 കെ.വി സബ്സ്റ്റേഷനുകളെ 110 കെ.വി ആയി ഉയർത്തി ശേഷി വർദ്ധിപ്പിക്കുന്നതിന്, ഓരോ 110/11 കെ.വി 12.5 എം.വി ട്രാൻസ്ഫോർമർ ഈ സ്റ്റേഷനുകളിൽ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ.